(ബി) ഇതിൽ എന്തു തുക കൈത്തറി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തു ;

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദിച്ച തുക മുഴുവൻ വിതരണം ചെയ്യാതിരിക്കുവാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)	വർഷം		തുക
	1996-97	-	2,66,85,703 രൂപ
	1997-98	-	52,59,913 രൂപ

(ബി) കേന്ദ്രസർക്കാർ അനുവദിച്ച മുഴുവൻ തുകയും വിതരണം ചെയ്തു.

(സി) ചോദ്യം ഉദിക്കുന്നില്ല.

കായംകുളം സഹകരണ സ്പിന്നിംഗ് മില്ലിന്റെ വികസനം

83(603) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം സഹകരണ സ്പിന്നിംഗ് മില്ലിന്റെ 2-ാം ഘട്ട വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് പ്രകാരം അടങ്കൽ തുക എത്രയാണ് ;

(ബി) ഈ തുക എങ്ങനെ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇതിൽ എത്ര തുക ഇതിനകം മില്ലിനു ലഭ്യമായി ;

(ഡി) ഈ തുക ലഭിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച് സാമാന്യം നല്ല നിലയിൽ നടന്നു വരുന്ന കായംകുളം മില്ലിന്റെ രണ്ടാംഘട്ടമായി 6000 സ്പിൻഡിൽ കൂടി കൂട്ടിച്ചേർത്ത് വികസിപ്പിക്കുവാൻ കാലതാമസം വന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) പ്രവർത്തന ലാഭം കൈവരിച്ചിട്ടും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ ആവശ്യമായ സഹായങ്ങൾ സമയത്ത് നൽകിയിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 928 ലക്ഷം രൂപ

(ബി) 352 ലക്ഷം രൂപ സർക്കാർ ഓഹരിയായും 576 ലക്ഷം എൻ.സി.ഡി.സി. മുഖേനയുള്ള വായ്പയായും സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഒന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി & ഇ) രണ്ടാം ഘട്ട വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചു വരുന്നു. മില്ലന്റെ വികസനത്തിനായി സർക്കാർ നൽകിയ ചില നിർദ്ദേശങ്ങൾ നടപ്പാക്കുവാനുള്ള ചില ബുദ്ധിമുട്ടുകൾ മിൽ മാനേജ്മെന്റ് അറിയിച്ചിട്ടുള്ളതിനാലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചമല്ലാത്തതിനാലും പ്രോജക്ട് റിപ്പോർട്ടിൻമേൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(എഫ്) ഇല്ല.

കായംകുളം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ഭരണസമിതി

84 (604) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ഭരണസമിതി സർക്കാർ നോമിനേറ്റ് ചെയ്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇവിടെ നിയമാനുസരണം തെരഞ്ഞെടുപ്പ് നടത്തുവാൻ മിൽ ഭരണസിമിതി തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ സ്വീകരിച്ച നടപടികൾ വിവരിക്കുമോ ;

(സി) ഇപ്പോൾ തെരഞ്ഞെടുപ്പ് റദ്ദാക്കി ഉത്തരവ് പുറപ്പെടുവിച്ചത് എന്തു കൊണ്ടാണ് എന്ന് വ്യക്തമാക്കാമോ :

(ഡി) ഭരണസമിതി ആവശ്യപ്പെട്ട പ്രകാരം തെരഞ്ഞെടുപ്പ് നടത്തുവാൻ വീണ്ടും ഉത്തരവിറക്കുമോ ?

ഉത്തരം

(എ) 24-5-96 -ൽ മില്ലിന്റെ രജിസ്ട്രാറായ കേരള കൈത്തറി ഡയറക്ടറുടെ ഓർഡർ നം. എച്ച്.എൽ/റ്റി2/ 1104/96 പ്രകാരം മില്ലിന്റെ ഭരണസമിതി പുനഃസംഘടിപ്പിക്കുകയും 7 പേർ അടങ്ങിയ കമ്മിറ്റി അംഗങ്ങളെ ആലപ്പുഴ സഹകരണ മില്ലിന്റെ ഭരണസമിതിയായി നിയമിക്കുകയും ചെയ്തു.

(ബി) 29-10-2000-ൽ എടുത്ത മില്ലിന്റെ ബോർഡ് തീരുമാന പ്രകാരം ഇലക്ഷൻ നടത്തുന്നതിലേയ്ക്കായി റിട്ടേണിംഗ് ആഫീസറെ നിയമിക്കുവാൻ അപേക്ഷിച്ചു. അതനുസരിച്ച് ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഡെപ്യൂട്ടി രജിസ്ട്രാറെ 17-11-2000-ലെ ഉത്തരവ് പ്രകാരം രജിസ്ട്രാറായി കൈത്തറി ഡയറക്ടർ നിയമിച്ചു. തുടർന്ന് 5-11-92-ലെ സർക്കാർ വിജ്ഞാപന പ്രകാരം ടി മില്ലിൽ ഇലക്ഷൻ ഒഴിവാക്കിയിട്ടുണ്ട്.

(സി) സർക്കാർ വിജ്ഞാപനം നം. 33358/ജി1/92/ഐഡി 5-11-92 പ്രകാരം ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ ഉൾപ്പെടെയുള്ള 5 സഹകരണ സ്പിന്നിംഗ് മില്ലുകളെ ഇലക്ഷനിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം ശ്രദ്ധയിൽപ്പെട്ടയുടൻ ഇലക്ഷൻ നടപടി ക്രമങ്ങൾ നിറുത്തി വച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

(ഡി) പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly